പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 115 26.09.2011ൽ മറുപടിയ്ക്ക്

തീവ്രവാദ പ്രവർത്തനങ്ങൾ തടയുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ റ്റി. യു. കുരുവിള :<br>ശ്രീ മോൻസ് ജോസഫ് : | ശ്രീ ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും തീവ്രവാദ പ്രവർത്തകർ സംസ്ഥാനത്തേക്ക് കടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ; | ബി) സംസ്ഥാനത്തു തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിനായി ആഭ്യന്തര സുരക്ഷാവിഭാഗവും ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നതിന് ഒരു പ്രത്യേക ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. ആഭ്യന്തര സുരക്ഷാ വിഭാഗം, ഇന്റലിജൻസ് എ. ഡി. ജി. പി. യുടെ കീഴിൽ ഒരു ഐ. ജി. യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗം സംസ്ഥാന പോലീസ് മേധാവിയുടെ മേൽ നോട്ടത്തിൽ എ. ഡി. ജി. പി. ക്രൈംസ് ന്റെ ഭരണപരവും എ. ഡി. ജി. പി. ഇന്റലിജൻസിന്റെ പ്രവർത്തനപരവുമായ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ഐ. ജി. (ആഭ്യന്തര സുരക്ഷ) ഈ വിഭാഗത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു. ആഭ്യന്തര സുരക്ഷ അന്വേഷണ വിഭാഗത്തിന് കൊച്ചിയിലും കോഴിക്കോടും ക്യാമ്പ് ഓഫീസുകൾ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത |

വിഭാഗവും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും തീവ്രവാദ പ്രവർത്തനവും മറ്റും തടയുന്ന തിന് ആവശ്യമായ അന്വേഷണം നടത്തി വരികയും ചെയ്യുന്നുണ്ട്.

| | |
|---|---|
| സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയ ലിസ്റ്റിൽപ്പെട്ട എത്ര തീവ്രവാദ സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ? | സി) Unlawful Activities Prevention Act അനുസരിച്ച് നിരോധിക്കപ്പെട്ട സംഘടനകളായ SIMI/CPI Maoist എന്നീ സംഘടനകളിൽ മുമ്പ് പ്രവർത്തിച്ചിരുന്ന ചിലർ ഇപ്പോൾ മറ്റു പേരിലുള്ള സംഘടനകളിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന തായി വിവരം ലഭിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തന ങ്ങൾ സംസ്ഥാന പോലീസും രഹസ്യാന്വേഷ വിഭാഗ വും നിരീക്ഷിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ